**Athmaraksha.org**

വിശുദ്ധ യൗസേപ്പപിതാവിന്റെ വണക്കമാസം-March

March 23



വിശുദ്ധ യൗസേപ്പപിതാവിന്റെ വണക്കമാസം: ഇരുപത്തി മൂന്നാം തീയതി

'ഹേറോദേസിന്റെ മരണത്തിനുശേഷം ഈജിപ്തിൽവച്ച് കർത്താവിന്റെ ദൂതൻ ജോസഫിനു സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി, ഇസ്രായേൽ ദേശത്തേക്കു മടങ്ങുക; ശിശുവിനെ വധിക്കാൻ ശ്രമിച്ചവർ മരിച്ചുകഴിഞ്ഞു' (മത്തായി 2:1920).

വി. യൗസേപ്പ് പിതാവ് എളിമയുടെ മഹത്തായ ഉദാഹരണം

എളിമ സകല സുകൃതങ്ങളുടെയും അടിസ്ഥാനമാണ്. യഥാർത്ഥ്യ ബോധത്തോടെ ദൈവത്തെയും നമ്മെത്തന്നെയും മനസ്സിലാക്കുമ്പോൾ നമ്മിൽ ഉണ്ടാകുന്ന മനോഭാവമാണ് എളിമ. ആദിമാതാപിതാക്കൻമാരുടെയും മറ്റു പലരുടെയും അഹങ്കാരം അവരുടെ നാശത്തിന് കാരണമായി. അതിന് പരിഹാരമർപ്പിക്കുവാൻ ദൈവകുമാരൻ വിണ്ണിൽ നിന്നും മണ്ണിലേക്ക് അവതരിച്ചു. 'അവൻ ദൈവത്തിന്റെ സാദൃശ്യത്തിലായിരിക്കെ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ താഴ്ത്തി ദാസന്റെ രൂപം സ്വീകരിച്ച് ശൂന്യനായിത്തീർന്നു, സ്ലീവായിലെ മരണം വരെ അവിടുന്ന് അനുസരണയുള്ളവനായിത്തീർന്നു'.

ക്രിസ്തീയമായ എളിമ, മാർ യൗസേപ്പ് ഈശോയിൽ നിന്നും പ. കന്യകാമറിയത്തിൽ നിന്നും പഠിച്ച് അതു പ്രാവർത്തികമാക്കി. ദൈവകുമാരന്റെ വളർത്തു പിതാവ്, പരിശുദ്ധ ജനനിയുടെ വിരക്തഭർത്താവ്, ദാവീദ് രാജവംശജൻ എന്നിങ്ങനെ അതുല്യമായ സ്ഥാനമാനങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നെങ്കിലും വി. യൗസേപ്പ് എളിമയുടെ മാതൃകയായിരുന്നു. നസ്രസിലെ വിനീതമായ ജീവിതം, ദരിദ്രമായ അവസ്ഥ എന്നിവ യൗസേപ്പപിതാവിന്റെ എളിമയുടെ പ്രതിഫലനമാണ്. കൂടാതെ അദ്ദേഹം തച്ചന്റെ ജോലിയാണ് ചെയ്തിരുന്നത്. അന്നത്തെ സാമൂഹ്യമായ ചിന്താഗതിയിൽ ഏറ്റവും ലളിതമായ തൊഴിലായിരുന്നു അത്. എന്നാൽ ആ ജോലിയിലും ജീവിതത്തിലും മാർ യൗസേപ്പ് സംതൃപ്തനായിരു!ന്നു. 'ഞാൻ ശാന്തശീലനും

വിനീതഹൃദയനുമാകുന്നു. നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ' എന്നുള്ള ഈശോമിശിഹായുടെ പ്രബോധനം അദ്ദേഹം മനസ്സിലാക്കിയിരുന്നു. അസാധാരണമായ കൃത്യങ്ങളോ, മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക പ്രവർത്തനങ്ങളോ ഒന്നും വി. യൗസേപ്പ് ചെയ്തിട്ടില്ല. വിശുദ്ധ യൗസേപ്പ് പിതാവിന്റെ മഹത്വത്തിന്റെ നിദാനം അദ്ദേഹത്തിന്റെ എളിമയായിരുന്നുവെന്ന് നാം മനസ്സിലാക്കണം. 'തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും' എന്നുള്ള ദിവ്യഗുരുവിന്റെ പ്രബോധനം അപ്പാടെ ജീവിതത്തിൽ പ്രാവർത്തികമാക്കിയ വ്യക്തിയായിരിന്നു യൌസേപ്പ് പിതാവ്.

ക്രിസ്ത്യാനിയുടെ അടിസ്ഥാനപരമായ മനോഭാവം എളിമയായിരിക്കണം. എളിമ സത്യവും നീതിയുമാണ്. നമുക്കുള്ള വസ്തുക്കൾ ദൈവത്തിന്റെ ദാനമാണെന്ന് അംഗീകരിക്കുക. സമ്പത്തോ സ്ഥാനമാനങ്ങളോ സൗന്ദര്യമോ, ബുദ്ധിശക്തിയോ നമുക്കുണ്ടെങ്കിൽ അത് ദൈവിക ദാനമാണെന്ന് അംഗീകരിക്കുക. അഹങ്കാരി ദൈവത്തിനു നൽകേണ്ട മഹത്വം തന്നിൽതന്നെ ആരോപിക്കുന്നു. വിനയാന്വിതൻ ദൈവത്തിനു തന്നെ മഹത്വം നൽകുന്നു. 'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു' എന്ന് ! പ. കന്യകയോടു കൂടി നമുക്കു പറയാം.

## സംഭവം

ഒരിടവകയിൽ മോശമായ രീതിയിൽ ഒരു സ്ത്രീ ജീവിച്ചിരുന്നു. അവളുടെ ദുർമാതൃകയറിഞ്ഞ് ശാസിച്ച ഇടവക വികാരിയോട് അവൾക്കു കടുത്ത അമർഷമാണുണ്ടായിരുന്നത്. വഴിപിഴച്ച ജീവിതം അവൾ തുടർന്നു പോന്നു. ഒരിക്കൽ, ആറു മാസം പ്രായമുള്ള സ്വന്തം കുഞ്ഞിനെ അവൾ വെട്ടിക്കൊലപ്പെടുത്തി ചാക്കിലാക്കി. ഇതിന് ശേഷം അവൾ യൗസേപ്പ് പിതാവിന്റെ അതീവ ഭക്തനായ ഇടവക വികാരിയുടെ പക്കലെത്തി. അദ്ദേഹമറിയാതെ അവൾ മുറിയിൽ പ്രവേശിച്ചു. വൈദികന്റെ കിടക്കക്കടിയിൽ ആ ചാക്ക്കെട്ട് ഒളിപ്പിച്ചുവെച്ച ശേഷം അദ്ദേഹത്തിന്റെ അടുക്കൽ വന്ന് 'എനിക്കൊന്നു കുമ്പസാരിക്കണം'എന്നു പറഞ്ഞു.

ദൈവാലയത്തിലെക്ക് പൊയ്ക്കൊള്ളുക എന്ന് ! അദ്ദേഹം പറഞ്ഞു. കുമ്പസാരിപ്പിക്കുവാൻ പോകുന്നതിനു മുമ്പ് പതിവുപോലെ മുറിയിൽ സൂക്ഷിച്ചിരുന്ന യൗസേപ്പ് പിതാവിന്റെ രൂപത്തിന് മുമ്പിൽ പ്രാർത്ഥിക്കുവാൻ അദ്ദേഹം മറന്നില്ല. പ്രാർത്ഥന കഴിഞ്ഞു തിരിഞ്ഞു നോക്കിയപ്പോൾ അവിചാരിതമായി തന്റെ കിടക്കയ്ക്കടിയിൽ ഒരു ചാക്കുകെട്ടു കിടക്കുന്നത് കണ്ടു. തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ നടുക്കി. ചുടുചോരയുണങ്ങാത്ത പിഞ്ചു കുഞ്ഞിന്റെ മൃതദേഹം. തുടർന്നുള്ള അന്വേഷണത്തിൽ മേൽപ്പറഞ്ഞ സ്ത്രീയാണ് പ്രസ്തുത ഹീനകൃത്യം ചെയ്തതെന്നും കുമ്പസാര രഹസ്യം എന്ന നിലവരുത്തി വൈദികനെ കള്ളക്കേസിൽ കുടുക്കണമെന്നുള്ളതാണ് അവളുടെ പദ്ധതിയെന്നും എല്ലാർക്കും മനസ്സിലായി. ഈ നിർണ്ണായക നിമിഷത്തിൽ തന്നെ രക്ഷിച്ച മാർ യൗസേപ്പ് പിതാവിന് വൈദികൻ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തോത്രം ചെയ്തു.

## ജപം

ദിവ്യകുമാരന്റെ വളർത്തുപിതാവും ദൈവജനനിയുടെ വിരക്തഭർത്താവുമായ മാർ യൗസേപ്പേ, അങ്ങ് എളിമയുടെ മഹനീയമായ മാതൃകയാണെന്ന് ! ഞങ്ങൾ മനസ്സിലാക്കുന്നു. അവിടുത്തെ എളിമയാണല്ലോ അങ്ങേ മഹത്വത്തിന് നിദാനം. ഞങ്ങൾ അനുപമമായ അങ്ങേ മാതൃക അനുകരിച്ച് എളിമയുള്ളവരായിരിക്കുന്നതാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം എളിമയാണെന്ന് ഞങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുവാനും ദൈവാനുഗ്രഹങ്ങൾക്കർഹരായിത്തീരുവാനും വേണ്ട വരം ഞങ്ങൾക്ക് പ്രാപിച്ചു തരണമേ. 1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

വി. യൗസേപ്പ്പിതാവിന്റെ ലുത്തിനിയ
കർത്താവേ, അനുഗ്രഹിക്കണമേ
(കർത്താവേ...)
മിശിഹായെ, അനുഗ്രഹിക്കണമേ.
(മിശിഹായെ...)
കർത്താവേ, അനുഗ്രഹിക്കണമേ.
(കർത്താവേ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ,
(മിശിഹായെ...)
മിശിഹായെ, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.
(മിശിഹായെ...)
ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഏറ്റു ചൊല്ലുക
സ്വർഗ്ഗസ്ഥനായ പിതാവേ,
ലോകരക്ഷകനായ ക്രിസ്തുവേ,
പരിശുദ്ധാത്മാവായ ദൈവമേ,
ഏകദൈവമായിരിക്കുന്ന പ. ത്രിത്വമേ,
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ എന്ന് ഏറ്റു ചൊല്ലുക
പരിശുദ്ധ മറിയമേ,
വിശുദ്ധ യൗസേപ്പേ,
ദാവീദിന്റെ വിശിഷ്ട സന്താനമേ,
ഗോത്രപിതാക്കളുടെ പ്രകാശമേ,
ദൈവജനനിയുടെ ഭർത്താവേ,
പരിശുദ്ധ കന്യകയുടെ നിർമ്മലനായ കാവൽക്കാരാ,
ദൈവകുമാരന്റെ വളർത്തുപിതാവേ,
മിശിഹായുടെ ജാഗ്രതയുള്ള സംരക്ഷകാ,
തിരുക്കുടുംബത്തിന്റെ നാഥനേ,
എത്രയും നീതിമാനായ വി. യൗസേപ്പേ,
മഹാ വിരക്തനായ വി.യൗസേപ്പേ,
മഹാ വിവേകിയായ വി. യൗസേപ്പേ,
മഹാ ധീരനായ വി. യൗസേപ്പേ,
അത്യന്തം അനുസരണയുള്ള വി. യൗസേപ്പേ,
മഹാ വിശ്വസ്തനായ വി. യൗസേപ്പേ,
ക്ഷമയുടെ ദർപ്പണമേ,
ദാരിദ്ര്യത്തിന്റെ സ്നേഹിതാ,
തൊഴിലാളികളുടെ മാതൃകയേ,
കുടുംബജീവിതത്തിന്റെ അലങ്കാരമേ,
കന്യകകളുടെ സംരക്ഷകാ,
കുടുംബങ്ങളുടെ ആധാരമേ,
നിർഭാഗ്യരുടെ ആശ്വാസമേ,
രോഗികളുടെ ആശ്രയമേ,
മരണാവസ്ഥയിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥാ,
പിശാചുക്കളുടെ പരിഭ്രമമേ,
തിരുസ്സഭയുടെ പാലകാ,
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ
ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

ഭൂലോക പാപങ്ങളെ നീക്കുന്ന ദൈവചെമ്മരിയാട്ടിൻ കുട്ടിയായിരിക്കുന്ന ഈശോ തമ്പുരാനേ,
.
കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.
(നായകൻ) ദൈവം അദ്ദേഹത്തെ തന്റെ ഭവനത്തിന്റെ അധികാരിയായി നിയമിച്ചു.
(സമൂഹം) തന്റെ സകല സമ്പത്തുകളുടെയും നായകനുമാക്കി.

## പ്രാർത്ഥിക്കാം

അത്യന്തം നിർമ്മലമായ പരിശുദ്ധ കന്യകയ്ക്കു ഭർത്താവായി നീതിമാനും വിവേകിയും വിശുദ്ധനുമായ യൗസേപ്പിനെ തെരഞ്ഞെടുത്ത ദൈവമേ, ജീവിതത്തിന്റെ പ്രയാസങ്ങളിലും വേദനകളിലും മുഴുകിയിരിക്കുന്ന ഞങ്ങൾക്ക് ആശ്വാസവും ആശ്രയവും നൽകുന്ന പിതാവായി അദ്ദേഹത്തെ നിശ്ചയിച്ചതിൽ ഞങ്ങൾ നന്ദി പറയുന്നു. ഈ പിതാവിന്റെ മാദ്ധ്യസ്ഥം വഴി എല്ലാ അനുഗ്രഹങ്ങളും ഞങ്ങൾക്ക് നൽകണമെയെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## സുകൃതജപം

വിനീതഹൃദയനായ വിശുദ്ധ യൗസേപ്പേ, ഞങ്ങളെ വിനയമുള്ളവരാക്കേണമേ.

+++